# ടെണ്ടർപരസ്യം

തിരുവില്വാമല ഗ്രൂപ്പ് ദേവസ്വംഅസിസ്റ്റന്റ്കമ്മീഷണറുടെ ഓഫീസിൽനിന്നും എല്ലാവരും അറിയുന്നതിനായി പരസ്യപ്പെടുത്തുന്നത്

ഈ ഗ്രൂപ്പിൽപ്പെട്ട പഴയന്നൂർ ദേവസ്വംവക പാലസ്പറമ്പിൽ 01/05/2023 മുതൽ 31/03/2024 കൂടിയ കാലത്തേയ്ക്ക് സ്കൂട്ടർ, ഓട്ടോറിക്ഷ, മോട്ടോർസൈക്കിൾ എന്നിവക്ക് ആറുമണിക്കൂർ സമയത്തിന് 10/-ക നിരക്കിലും കാർ, ജീപ്പ്, ടെമ്പോ എന്നിവക്ക് ആറുമണിക്കൂർ സമയത്തിന് 20/-ക നിരക്കിലും പാർക്കിങ്ങ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ടെണ്ടർ നടപടികൾ സ്വീകരിച്ച് ഏൽപ്പിച്ചുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ടെണ്ടർ സമർപ്പിക്കുവാൻ താല്പര്യമുള്ളവർ സംഖ്യ രേഖപ്പെടുത്തി സീൽചെയ്ത ടെണ്ടറുകൾ ദേവസ്വം അസിസ്റ്റന്റ്കമ്മീഷണറുടെ ഓഫീസിൽ വെച്ചിട്ടുള്ള ടെണ്ടർബോക്സിൽ 20/04/2023 3 PMന് മുൻപായി നിക്ഷേപിക്കേണ്ടതാണ്. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി ദേവസ്വം അസിസ്റ്റന്റ് കമ്മീഷണറുടെ പേരിൽ ധനലക്ഷ്മിബാങ്ക് കുമരനെല്ലൂർ ശാഖയിൽമാറാവുന്ന 5000/-ക(അയ്യായിരം രൂപ മാത്രം) യുടെ ഡിമാന്റ്ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ അടക്കം ചെയ്ത കവറിനുപുറത്ത് "പഴയന്നൂർ പാലസ് പറമ്പിലെ പാർക്കിങ്ങ് ടെണ്ടർ" എന്ന പ്രത്യേകം എഴുതേണ്ടതാണ്.

ലഭിച്ച ടെണ്ടറുകൾ 20/04/2023 ന് 4 PMന് അപ്പോൾ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും കൂടുതൽ സംഖ്യ രേഖപ്പെടുത്തിയ വ്യക്തിയുടെ പേരിലുള്ള ടെണ്ടർ ഉറപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട സ്പെഷൽ ദേവസ്വം കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതും ആയത് അംഗീകരിച്ച് വരുന്ന മുറക്ക് സംഖ്യ മുഴുവനും ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്. ലേലം കൊണ്ടയാൾ ലേലം അംഗീകരിച്ച് വരുന്ന മുറക്ക് നിയമാനുസൃതമായ GST യും സെസ്സും അടക്കേണ്ടതാണ്. പാർക്കിങ്ങ് ഫീസ് പിരിക്കുന്നതിനുള്ള കാലാവധികഴിഞ്ഞു ദേവസ്വം ഓഫീസരുടെ NLC ലഭിക്കുന്നമുറക്ക് ടിയാന്റെയും, ടെണ്ടർ അവകാശം ലഭിച്ച ആൾ സംഖ്യ അടച്ച് രശീതി കൈപറ്റുന്ന മുറക്ക് രണ്ടാമതു നില്കുന്നയാളുടെയും, ടെണ്ടറുകൾ പരിശോധിച്ചുറപ്പിക്കുന്ന മുറയ്ക്കു മറ്റുള്ളവരുടെയും നിരതദ്രവ്യ DDകൾ തിരിച്ചുനല്കുന്നതാണ്.

ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലഭിച്ചയാൾ ദേവസ്വം നിശ്ചയിക്കുന്ന നിരക്കിൽകൂടുതൽ ഫീസ് പിരിക്കുവാൻ പാടില്ലാത്തതും, ദേവസ്വത്തിനോ, ഭക്തജനങ്ങൾക്കൊ ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ യാതൊരു പ്രവർത്തനങ്ങളും ചെയ്യുവാൻ പാടില്ലാത്തതും ദേവസ്വം ബോർഡുവകവാഹനങ്ങൾ, ദേവസ്വംജീവനക്കാരുടെ വാഹനങ്ങൾ എന്നിവ പാർക്കുചെയ്യുന്നതിന് യാതൊരുവിധ തടസങ്ങളും ഉണ്ടാകാൻ പാടില്ലാത്തതും ദേവസ്വം ഓഫീസർ നൽകുന്ന നിർദേശങ്ങൾ പാലിക്കാൻ ബാധ്യസ്ഥനുമാണ്. കൂടാതെ പാലസ് കെട്ടിടത്തിലെ കറന്റുചാർജ്ജ് യഥാസമയം അടച്ച് രശീതി ദേവസ്വം ഓഫീസറെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്. പാലസ്പറമ്പിൽ യാതൊരുവിധ അനധികൃതപ്രവർത്തികളും ഉണ്ടാകാൻ പാടില്ലാത്തതാണ്. അവകാശം ലഭിച്ചവ്യക്തിയോ ടിയാന്റെ ജോലിക്കാരോ അല്ലാതെ ആരുംതന്നെ പാർക്കിങ്ങ് ഗ്രൗണ്ടിൽ അനാവശ്യമായി പെരുമാറാതിരിക്കാൻ ടെണ്ടറവ കാശം ലഭിച്ച ആൾ ശ്രദ്ധിക്കേണ്ടതാണ്. മേൽ എഴുതിയ സംഗതികളുടെ ഉറപ്പിലേക്കായി 200/-ക മുദ്ര പത്രത്തിൽ ടെണ്ടർഉറപ്പിക്കുന്നആൾ ദേവസ്വം തയ്യാറാക്കുന്ന നിബന്ധനകൾ എഴുതി ഒപ്പിട്ട് തരേണ്ടതാണ്.

ഈ പരസ്യപ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ ദേവസ്വത്തിനു ഗുണകരമല്ലെന്നു കണ്ടാൽ മറ്റു ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് താഴെ ഒപ്പിടുന്ന ആൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ ടെണ്ടറിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ പഴയന്നൂർ ദേവസ്വം ഓഫീസരലോ, തിരുവില്വാമല ഗ്രൂപ്പ് ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽലോപ്രവർത്തിസമയങ്ങളിൽ അറിയാവുന്നതാണ്.

വടക്കാഞ്ചേരി

11/4/23

ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ